"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കൊടുവായൂർ എം. എം. എം.എസ്സ്. ബി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. അക്ഷയ.കെ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 25044/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12.11.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2183/2022/GEDN തീയതി,തിരുവനന്തപുരം, 01-04-2022

---

പരാമർശം:-

1. പാലക്കാട്, കൊടുവായൂർ എം. എം.എം. എസ്സ്. ബി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. അക്ഷയ.കെ യുടെ 27/09/2021 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P5).
2. ബഹു. കേരള ഹൈക്കോടതിയുടെ 12.11.2021-ലെ W.P.(C) No. 25044/2021 മേലുള്ള വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/02/2022, തീയതിയിലെ ബി4/7254/21 നമ്പർ കത്ത്.
4. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/02/2022, തീയതിയിലെ ബി/2312/21 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, കൊടുവായൂർ എം. എം.എം. എസ്സ്. ബി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. അക്ഷയ.കെ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 25044/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P5 പുന പരിശോധനാ ഹർജി ഹർജിക്കാരിയെയും സ്കൂൾ മാനേജരെയും പ്രഥമാദ്ധ്യാപികയെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 21.2.2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

"പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് സബ് ജില്ലയുടെ അധികാര പരിധിയിലുള്ള കൊടുവായൂർ എം.എം.എം.എസ്.ബി സ്കൂളിലെ 2017-18 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദനീയമായ 6-ാം പ്രവർത്തി ദിവസത്തെ വിദ്യാർത്ഥികളുടെ അംഗസംഖ്യ പ്രകാരം പ്രധാനാദ്ധ്യാപികയെ ക്ലാസ്സ് ചുമതലകളിൽ നിന്നും ഒഴിവാക്കിയ തസ്തികയിൽ 01/06/2016 മുതൽ ഹർജിക്കാരിയെ നിയമിച്ചു.

നിയമന പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും

07/12/2018 ലെ നം.ബി/1105/2017/കെ.ഡിസ് എന്ന ഉത്തരവ് പ്രകാരം നിയമനാംഗീകാരം നിരസിച്ച സാഹചര്യത്തിൽ ആയതിന് കെ.ഇ.ആർ അദ്ധ്യായം 14(എ) യിലെ ചട്ടം 8(5) പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. അപ്പീലിൽ തീരുമാനം ലഭിക്കാഞ്ഞതിനാലാണ് കെ.ഇ.ആർ ചട്ടം 65 അദ്ധ്യായം 14 സി കെ.ഇ.ആർ പ്രകാരം ആയതിൽ അനുകൂല തീരുമാനം ലഭിക്കുന്നതിനാണ് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

നിയമനാംഗീകാരം നിരസിച്ചതിനുള്ള കാരണങ്ങൾ

1. നിയമന ഉത്തരവിൽ നിയമനം 01/06/2016 മുതൽ എച്ച്.എം നെ ക്ലാസ്സ് ചാർജിൽ നിന്ന് ഒഴിവാക്കിയതുമൂലമുണ്ടായ ഒഴിവിലാണ് എന്നാണ്. എന്നാൽ നിയമന ഉത്തരവ് 01/06/2017 ലാണ് തയ്യാറാക്കിയിട്ടുള്ളത്.

2. HTV വേക്കൻസിയിൽ സംരക്ഷിത ജീവനക്കാരനെയാണ് നിയമിക്കേണ്ടത്. അതിനുപകരം മാനേജർ പുതിയ നിയമനം നടത്തുകയാണ് ചെയ്തത് ആയത് അംഗീകരിക്കുവാൻ കഴിയുകയില്ല.

3. സി.എസ്.സ്റ്റേറ്റ്മെന്റ് പൂർണ്ണമായി പൂരിപ്പിച്ച് നൽകിയിട്ടില്ല.

4. സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

5.മാനേജർ ടീച്ചർ എന്നിവരുടെ ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല.

എന്നാൽ താഴെ പറയുന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ചുകൊണ്ടുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നിലനിൽക്കാത്തതിനാൽ 01/06/2017 മുതലുള്ള അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി ശ്രീമതി. അക്ഷയ.കെ യുടെ നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

<u>കാരണങ്ങൾ</u>

2017-18 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ പ്രധാന അദ്ധ്യാപികയെ ക്ലാസ്സ് ചുമതലയിൽ നിന്നും ഒഴിവാക്കപ്പെട്ട തസ്തിക 01/06/2017 മുതൽ തന്നെ നിലവിലുള്ള അദ്ധ്യാപക തസ്തികയാണ്. ആയതുകൊണ്ട് 01/06/2017 മുതൽ വിദ്യാർത്ഥികളെ പഠിപ്പിക്കുവാനുള്ള അദ്ധ്യാപകനെ നിയമിക്കേണ്ടതും അത്യാവശ്യമാണ്. ആയതിനാൽ ബഹു. സുപ്രീംകോടതി ശരിവെച്ചിട്ടുള്ള Nadeera Vs State of Kerala (2011 (3) KHX 650) നമ്പർ വിധിന്യായത്തിൽ സ്റ്റാഫ് ഫിക്സേഷന് അനുസൃതമായി നിയമനങ്ങൾ നടത്തുന്നതിനുള്ള ചുമതലയും ഉത്തരവാദിത്വങ്ങളും മാനേജരിൽ നിക്ഷിപ്തമായിട്ടുള്ളതാണെന്നും ആയതിനാൽ സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റ് വിദ്യാഭ്യാസ അധികൃതരിൽ നിന്നും ലഭിച്ചെങ്കിൽ മാത്രമേ മാനേജർക്ക് സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാൻ കഴിയുകയുള്ളു എന്നും സംരക്ഷണാദ്ധ്യാപകരുടെ ലിസ്റ്റ് ലഭിക്കുന്നതുവരെ ഒഴിവുകൾ നികത്താതെ നിയമനങ്ങൾ മാറ്റിവെക്കാൻ വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടില്ല എന്നും കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നതാണ്.

“I find nothing therein which prevents approval of appointment or which postpones the approval till a protected hand is appointed by the Manager. The said Government Order restate the obligation of the Manager to appoint a protected hand. But the time factor is not

mentioned therein. In many cases, availability of protected hands may be delayed and non-availability of protected hands in certain posts may be there. Therefore, to compel a manager to postpone the appointment of a qualified teacher even after the post is sanctioned by the staff fixation order will go against the scheme of the Act and Rules itself. When the staff fixation order permits appointment of required number of staff, the Manager will have to make the appointment in existing vacancies and exercise of the power of the Manager in such cases cannot be said to be against the scheme of the Act".

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 3 ലെ ചട്ടം (1) പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും അനുശാസിക്കപ്പെട്ടിട്ടുള്ള നിയമപ്രകാരം സ്കൂൾ ചട്ടങ്ങൾക്കനുസൃതമായി നടത്തിക്കൊണ്ടുപോകേണ്ട ചുമതലയും ഉത്തരവാദിത്വവും മാനേജർക്കുണ്ടെന്ന് സംശയാതീതമായി വ്യക്തമാക്കുന്നുണ്ട് പ്രസ്തുത ചട്ടത്തിന്റെ ഉപചട്ടം (5) പ്രകാരം മാനേജർ, അനുവദിക്കപ്പെട്ട തസ്തികകളും നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണവും ഉറപ്പാക്കി നിയമനങ്ങൾ നടത്തേണ്ടതാണെന്നും അനുശാസിക്കുന്നുണ്ട്. ആയതിനാൽ അനുവദിക്കപ്പെട്ട തസ്തികകളിൽ നിയമനം നടത്താതെ തസ്തികയിലെ ഒഴിവ് നിലനിർത്താനോ നിയമനം പിന്നീടത്തേക്ക് മാറ്റി വെക്കുന്നതിനോ മാനേജർക്ക് അധികാരമില്ലാത്തതാണ്. ആയതിനാൽ ബഹു. ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ തടസ്സവാദം Nadeera Vs State of Kerala (2011(3) KHC 650) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കാത്തതും മാനേജർ നടത്തിയ നിയമനം ചട്ടപ്രകാരമായതിനാൽ അംഗീകരിക്കപ്പെടേണ്ടതുമാണ്.

നാലാമത്തെ തടസ്സവാദം നിയമനാംഗീകാര സമയത്ത് പരിഹരിക്കാവുന്നതേയുള്ളൂ. അഞ്ചാമത്തെ തടസ്സവാദത്തിൽ ഉന്നയിച്ചിരിക്കുന്നത് ഡിക്ലറേഷനുകൾ.

നിയമന ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്ന 01/06/2016 എന്നത് 01/06/2017 ലെ ഒഴിവിലേക്കുള്ള നിയമനമാണെന്ന് നിയമന ഉത്തരവിന്റെ തീയതി എന്നതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു കൊണ്ട് പ്രസ്തുത തടസ്സവാദം പരിഹരിക്കാവുന്നതാണ് അപ്രകാരം കൈകൊള്ളണമെന്ന് അപേക്ഷിക്കുന്നു.

a) HTV ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നിരുന്നാലും പ്രസ്തുത തസ്തികകളിലേക്ക് 01/06/2016 മുതൽ സംരക്ഷിത അദ്ധ്യാപകരെ പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമിച്ചു കാണുന്നില്ല. നദീറ V/S State of Kerala സുപ്രീം കോടതി വിധിപ്രകാരവും 06/02/2021 ൽ 04/2021 എന്ന സർക്കാർ ഉത്തരവ് പ്രകാരവും 2016 മുതൽ 2019 വരെ നിയമിതരായ അഡീഷണൽ തസ്തികകളിലെ നിയമനം അംഗീകരിക്കണമെന്ന നിബന്ധന പ്രകാരവും മേപ്പടി അദ്ധ്യാപികയുടെ നിയമനം നോഷണലായി അംഗീകരിച്ച് ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു. നിയമനാംഗീകാരം നൽകുമ്പോൾ വ്യവസ്ഥാപിതമായ ഒരു തസ്തികയിൽ സംരക്ഷിത അദ്ധ്യാപകൻ/അദ്ധ്യാപികയെ നിയമിക്കാം എന്ന സത്യവാങ്മൂലം ഇതോടൊപ്പം സമർപ്പിക്കുന്നു.

മേൽപറഞ്ഞ വസ്തുതകൾ പരിഗണിച്ച് 01/06/2016 മുതൽ സേവനത്തിൽ തുടർന്നു വരുന്ന അക്ഷയ.കെ യു.പി.എസ്.ടി.യുടെ നിയമനം 06/02/2021 ലെ 4/2021 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോഷണലായി അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള

നിർദ്ദേശം കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു."

3. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസിനു കീഴിൽ വരുന്ന എം.എം.എം.എസ്.ബി.എസ് കൊട്ടുവായൂർ സ്കൂളിലെ പ്രധാനദ്ധ്യാപികയെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയ ഒഴിവിലേക്ക് 01/06/2017 മുതൽ ശ്രീമതി. അക്ഷയ.കെ യെ യു.പി.എസ്.ടി ആയി മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനം കൊല്ലങ്കോട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

1.നിയമന ഉത്തരവിൽ 01/06/2016 മുതൽ പ്രധാനദ്ധ്യാപകനെ ക്ലാസ് ചാർജ്ജിൽ നിന്ന് ഒഴിവാക്കിയതുമൂലമുണ്ടായ ഒഴിവിലാണ് ശ്രീമതി. അക്ഷയ.കെ.യെ നിയമിച്ചത് എന്നാൽ നിയമന ഉത്തരവിൽ 01/06/2017 എന്നാണ്.

2.എച്ച്.ടി.വി ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടതാണ് പകരം മാനേജർ പുതിയ നിയമനമാണ് നടത്തിയിട്ടുള്ളത്.

3.ചെയ്ഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂർണ്ണമായി പൂരിപ്പിച്ച് നൽകിയിട്ടില്ല.

4.സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

5.മാനേജർ, ടീച്ചർ എന്നിവരുടെ ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല.

കൊല്ലങ്കോട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചതിനെതിരെ മാനേജർ, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലേക്ക് 03/01/2019 തീയതി പ്രകാരം അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയും ആയത് 07/01/2019 ന് ഈ കാര്യാലയത്തിൽ ലഭിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/233/2019 തീയതി 04/11/2019 കത്ത് പ്രകാരം റിപ്പോർട്ട് ലഭിക്കുകയും, പ്രസ്തുത റിപ്പോർട്ടും മാനേജർ സമർപ്പിച്ച അപ്പീൽ അപേക്ഷയും ഒത്തു നോക്കി പരിശോധിച്ചതിൽ 01/06/2016 മുതലുള്ള നിയമന അപേക്ഷ 01/06/2017 നാണ് സമർപ്പിച്ചിരിക്കുന്നതെന്നതിനാലും പ്രധാനദ്ധ്യാപികയെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയതുമൂലമുണ്ടായ ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടതെന്നതിനാലും ശ്രീമതി. അക്ഷയ.കെ യുടെ 01/06/2017 മുതലുള്ള നിയമനം കൊല്ലങ്കോട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയ നടപടി നിയമപരമാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഈ കാര്യാലയത്തിൽ നിന്നും 10/01/2020 ലെ ബി4/155/2019 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് 16/01/2020 ന് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും എം.എം.എം.എസ്.ബി.എസ്, കൊട്ടുവായൂർ സ്കൂൾ മാനേജർക്കും നൽകിയിട്ടുള്ളതുമാണ്.

സ.ഉ (പി) 4/2021/പൊ.വി.വ തിയതി 06/02/2021 ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം എച്ച്.ടി.വി ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെകൊണ്ട് മാത്രമേ നികത്താൻപാടുള്ളു എന്നും നിലവിൽ എച്ച്.ടി.വി ഒഴിവിൽ ഏതെങ്കിലും അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ നിയമനം അംഗീകരിക്കേണ്ടതില്ലായെന്നും സർക്കാർ നിർദ്ദേശം ഉള്ളതിനാലും ശ്രീമതി. അക്ഷയ.കെ യുടെ യു.പി.എസ്.ടി തസ്തികയിലേക്കുള്ള നിയമനം കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവാക്കിയത് ക്രമപ്രകാരമാണെന്ന വിവരം അറിയിച്ചു

കൊള്ളുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹെഡ് ടീച്ചറെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി അനുവദിക്കപ്പെടുന്നതായ തസ്തികയിൽ ലഭിച്ച നിയമനം അംഗീകരിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം. ഇത്തരം തസ്തികയിൽ 29.01.2016 മുതൽ നിയമനം നടത്തേണ്ടത് നിയമാനുസൃത(Rule 43,51A, 51B) അവകാശികളില്ലെങ്കിൽ പ്രൊട്ടക്റ്റഡ് ടീച്ചർമാരെ വച്ചായിരിക്കണമെന്ന് കെ.ഇ. ആർ അദ്ധ്യായം XXI ചട്ടം 7(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹർജിക്കാരി ഇത്തരത്തിലുള്ള ഏതെങ്കിലും അവകാശിയാണെന്ന് റിപ്പോർട്ടില്ല. അതുകൊണ്ട്, ചട്ടപ്രകാരം പ്രൊട്ടക്റ്റഡ് ടീച്ചറെ വച്ച് മാത്രമേ പ്രസ്തുത ഒഴിവ് നികത്താൻ നിർവ്വാഹമുള്ളൂ. ആയതിനാൽ പാലക്കാട്, കൊടുവായൂർ എം. എം. എം.എസ്സ്. ബി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. അക്ഷയ. കെ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയിലെ(Ext.P5) ആവശ്യം പരിഗണനാർമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്.
മാനേജർ, എം. എം. എം.എസ്സ്. ബി. സ്കൂൾ, കൊടുവായൂർ , പാലക്കാട്.
പ്രഥമാദ്ധ്യാപിക, എം. എം.എം. എസ്സ്. ബി. സ്കൂൾ, കൊടുവായൂർ , പാലക്കാട്.
ശ്രീമതി. അക്ഷയ. കെ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എം. എം.എം എസ്സ്. ബി. സ്കൂൾ, കൊടുവായൂർ , പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 01-04-2022 15:33:27**
സെക്ഷൻ ഓഫീസർ